**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 498** **28-01-2026-ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, ഡി. എ. ഇനങ്ങളിലുള്ള കുടിശ്ശിക**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. സി. വിഷ്ണുനാഥ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. പി. സി. വിഷ്ണുനാഥ് (മുഖ്യമന്ത്രി)

**(എ)** സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുവാനുള്ള ശമ്പള പരിഷ്കരണം, ഡി. എ. എന്നീ ഇനങ്ങളിലായി കുടിശ്ശിക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

**മറുപടി:** പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ അവലംബിച്ച താൽകാലിക കണക്കുകൾ പ്രകാരം ഈ ഇനത്തിൽ ഏകദേശം 3,572.13/- കോടി രൂപയുടെ വാർഷിക സാമ്പത്തിക ബാധ്യതയാണ് അനുമാനിച്ചത്. അതായത് പ്രതിമാസ ബാധ്യത 297.67 കോടി രൂപയാണ്. 2019 ജൂലൈ ഒന്ന് മുതൽ 2021 ഫെബ്രുവരി 28 വരെ കുടിശ്ശികയായ 20 മാസത്തെ ആകെത്തുക 5,953.55 കോടി രൂപയാണ്. ഇതിൽ നിന്നും പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും, രണ്ടും ഗഡുക്കൾ (25% വീതം) അനുവദിച്ച് കൊണ്ട് 29.03.2025 തീയതിയിലെ സ.ഉ (അ) നം.38/2025/(79)/ധന ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നും, നാലും ഗഡുക്കൾ (25% വീതം) അനുവദിച്ച് കൊണ്ട് 01.11.2025 തീയതിയിലെ സ.ഉ (അ) നം.139/2025/(93)/ധന ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്.

ഡി.എ കുടിശ്ശിക ഇനത്തിൽ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകാനുള്ള തുക 31.12.2025 വരെ ഏകദേശം 22,376.70 കോടി രൂപയാണ്. നാളിതു വരെ അനുവദിച്ച ഡി.എയുടെ കുടിശ്ശിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് സ.ഉ.(അച്ചടി) നം. 44/2026/ധന. തീയതി. 06.03.2026 ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

**(ബി)** സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ കുടിശ്ശിക വിതരണം ചെയ്യാതിരിക്കാൻ സാധിക്കില്ലെന്ന കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക തീർത്ത് ഡി.എ. എപ്പോൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഡി.എ കുടിശ്ശിക ഇനത്തിൽ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകാനുള്ള തുക 31.12.2025 വരെ ഏകദേശം 22,376.70 കോടി രൂപയാണ്. നാളിതു വരെ അനുവദിച്ച ഡി.എയുടെ കുടിശ്ശിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട് സ.ഉ.(അച്ചടി) നം. 44/2026/ധന. തീയതി. 06.03.2026 06.03.2026 ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

**(സി)** സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് കമ്മീഷനെ നിയോഗിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

**<u>മറുപടി:</u>** സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപക രുടേയും സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുന്നതിനായി സ.ഉ.(കൈ) നം. 24/2026/ധന. തീയതി. 23.02.2026 പ്രകാരം പന്ത്രണ്ടാം ശമ്പളപരിഷ്കരണ കമ്മീഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

**(ഡി)** ഡി. എ. ജീവനക്കാരുടെ അവകാശമല്ല എന്ന് സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം സത്യവാങ്മൂലം നൽകിയത്; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ക്ഷാമബത്ത ജീവനക്കാരുടെ അവകാശമല്ലെന്നും അത് ഭരണപരമായ തീരുമാനത്തിന്റെ ഭാഗമാണെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടെങ്കിലും, സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ് എന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പതിനൊന്നാം ശമ്പളപരിഷ്കരണം പ്രകാരമുള്ള ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ധനകാര്യ (പേ റിവിഷൻ സെൽ-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം. 38/2025/(79)/ധന. തീയതി, തിരുവനന്തപുരം, 29/03/2025**

================================================================

**പരാമർശം:-**1) സ.ഉ.(അച്ചടി) നം. 27/2021/ധന. തീയതി 10.02.2021

2) സ.ഉ.(അച്ചടി) നം. 70/2021/ധന. തീയതി 30.04.2021

3) സർക്കുലർ നമ്പർ. 42/2021/(2)/ധന. തീയതി. 30.04.2021

4) സ.ഉ.(അച്ചടി) നം. 31/2023/ധന. തീയതി 30.03.2023

5) സ.ഉ.(അച്ചടി) നം. 151/2023/(42)/ധന. തീയതി 10.10.2023

6) സ.ഉ.(അച്ചടി) നം. 75/2024/ധന. തീയതി 30.08.2024

7) സ.ഉ.(കൈ) നം. 87/2024/(59)/ധന. തീയതി. 12.07.2024

8) ധനകാര്യ മന്ത്രിയുടെ ബജറ്റ് പ്രസംഗം 2025-26, ഖണ്ഡിക 9(2)

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2019 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 43 പ്രകാരം 01.07.2019 മുതൽ 28.02.2021 വരെയുള്ള ശമ്പളപരിഷ്കരണക്കുടിശ്ശിക 25% വീതമുള്ള നാല് ഗഡുക്കളായി 01.04.2023, 01.10.2023, 01.04.2024, 01.10.2024 തീയതികളിലായി ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. തുടർന്ന് 01.07.2019-ന് ശേഷം 31.05.2021 വരെ സർവ്വീസിൽ നിന്നും

വിരമിച്ചവർ, സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് മുന്നോടിയായി 30.04.2021-ന് മുമ്പ് പി.എഫ്. അക്കൗണ്ട് അവസാനിപ്പിച്ചവർ, 2021 ഏപ്രിൽ / മെയ് മാസങ്ങളിൽ വിരമിച്ച കോ-ടെർമിനസ് ജീവനക്കാർ എന്നിവർക്ക് കുടിശ്ശിക ഒറ്റത്തവണ പണമായി 2021 മെയ് മാസത്തെ ശമ്പളം / ജൂൺ മാസത്തെ പെൻഷന് ഒപ്പം വിതരണം ചെയ്യാമെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

2) എന്നാൽ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ സർക്കാർ പ്രസ്തുത വിഷയം പുനഃപരിശോധിക്കുകയും കുടിശ്ശിക അനുവദിക്കുന്നതിലൂടെ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലാക്കും എന്ന് വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത്, ഇത് സംബന്ധിച്ച് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ നീട്ടി വച്ചുകൊണ്ട് യഥാക്രമം പരാമർശം (4), (5) എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. 31.05.2021-ന് ശേഷം സേവനത്തിലിരിക്കെ മരണപ്പെട്ട എല്ലാ ജീവനക്കാരുടെയും പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശിക പ്രസ്തുത ജീവനക്കാരുടെ ആശ്രിതർക്ക് ഒറ്റത്തവണയായി അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു. 01.07.2019-നു ശേഷം 31.03.2021 വരെയുള്ള കാലയളവിനുള്ളിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള കോ-ടെർമിനസ് ജീവനക്കാർക്ക് കൂടി സേവന കാലയളവിലെ ശമ്പളപരിഷ്കരണ കുടിശ്ശിക ഒറ്റത്തവണയായി അനുവദിച്ചുകൊണ്ട് പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരമുള്ള ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശികത്തുകയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) അനുവദിക്കുന്ന വിഷയത്തിൽ ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

i) പരാമർശം (1) ഉത്തരവ് പ്രകാരം ശമ്പളം പരിഷ്കരിച്ചിട്ടുള്ള സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടേയും ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) ടി ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാവുന്നതാണ്. അപ്രകാരം പി.എഫ് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുക ടി ജീവനക്കാർ സേവനത്തിൽ നിന്നും വിരമിച്ചതിനു ശേഷം അല്ലെങ്കിൽ, 2026 ഏപ്രിൽ മാസം മുതൽ ഏതാണോ ആദ്യം വരുന്നത് അതിന്റെ അടിസ്ഥാനത്തിൽ പിൻവലിക്കാവുന്നതാണ്.

ii) 31.05.2021 തീയതിക്കു ശേഷം വിരമിച്ച ജീവനക്കാർ, സേവനത്തിൽ നിന്നും വിരമിക്കുന്നതിന്റെ മുന്നോടിയായി പി.എഫ് അക്കൗണ്ട് അവസാനിപ്പിച്ചവർ എന്നിവരുടെ ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) ഒറ്റത്തവണ പണമായി അനുവദിക്കാവുന്നതാണ്.

iii) 01.07.2019 മുതൽ 28.02.2021 വരെയുള്ള കാലയളവിൽ കോ-ടെർമിനസ് വ്യവസ്ഥയിൽ പേഴ്സണൽ സ്റ്റാഫായി ജോലി ചെയ്തിരുന്ന പൊതുമേഖല / ഗ്രാൻഡ്-ഇൻ-എയ്ഡ് / സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നുമുള്ള കോ-ടെർമിനസ് ജീവനക്കാർക്ക് പി.എഫ് അക്കൗണ്ടിന്റെ അഭാവത്തിൽ സേവന കാലയളവിലെ ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) ഒറ്റത്തവണ പണമായി അനുവദിക്കാവുന്നതാണ്.

iv) 31.05.2021-ന് ശേഷം സേവനത്തിലിരിക്കേ മരണമടഞ്ഞ എല്ലാ ജീവനക്കാരുടേയും പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശിക പ്രസ്തുത ജീവനക്കാരുടെ ആശ്രിതർക്ക് ഒറ്റത്തവണയായി അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (6) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന് തുടർന്നും പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

v) 01.07.2019 മുതൽ 28.02.2021 വരെയുള്ള കാലയളവിനുള്ളിലും / നിലവിലും അന്യത്രസേവന വ്യവസ്ഥയിൽ തുടരുന്നതുമായ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) പരാമർശം (3) പ്രകാരമുള്ള

സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി സർക്കാർ ശീർഷകത്തിൽ നിന്നും ടി ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യാവുന്നതാണ്.

4) മേൽ വിവരിച്ച പ്രകാരം പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ ക്രമീകരണങ്ങൾ / നടപടികൾ ബന്ധപ്പെട്ട ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ, ഓഫീസ് മേധാവികൾ, ട്രഷറി ഡയറക്ടർ, സ്പാർക്ക്-പി.എം.യു മുതലയാവർ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**ഡോ.എ.ജയതിലക് ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ സെക്ഷനുകൾക്കും
എല്ലാ വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി.
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ ഡെപ്യൂട്ടി സെക്രട്ടറി
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് -പി.എം.യു

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറികൾക്കും സബ് ട്രഷറികൾക്കും.
നോഡൽ ഓഫീസർ, www.finance.kerala.gov.in, ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(E-3054229)**

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

Revision of pay of Government employees, staff of educational institutions, local bodies, etc. - Constitution of Pay Revision Commission - Orders issued.

---

**FINANCE (SECRET SECTION) DEPARTMENT**

**G.O. (Ms.) No. 24/2026/FIN.** **Dated, Thiruvananthapuram, 23-02-2026**

---

## ORDER

Government hereby appoint a Pay Revision Commission consisting of the following members to study and make recommendations on revising the pay and allowances and other benefits of the State Government employees including teaching and non-teaching staff of Aided educational institutions, local bodies, etc.

1. **Chairman - Dr. V. P. Joy IAS**
   ***(Retd. Chief Secretary)***
2. **Member - Adv. M. Rajagopalan Nair.**
3. **Member - Smt. Sreelatha Sukumaran**
   ***(Retd. Additional Secretary, Finance Department)***
4. **Secretary - Smt. Sobha V. R.**
   ***(Additional Secretary, Finance Department).***

The Terms of Reference of the Commission will be issued separately.

(By order of the Governor)

**K. R. JYOTHILAL**
*ADDITIONAL CHIEF SECRETARY (FINANCE)*

To:

Dr. V. P. Joy IAS (Retd. Chief Secretary) (Chairman).
Adv. M. Rajagopalan Nair,
(Kalyan, BNRA 184 A, Golf Links Road Kowdiar, Trivandrum) (Member).
Smt. Sreelatha Sukumaran,
(Retd. Additional Secretary, Finance Department) (Member).
Smt. Sobha V.R. (Additional secretary, Finance Department) (Secretary).

The Accountant General (A&E), Kerala, Thiruvananthapuram.
The Accountant General (G&SSA), Kerala, Thiruvananthapuram.
The Accountant General (E&RSA), Kerala, Thiruvananthapuram.
All Heads of Departments and Offices.
All Departments (all Sections) of the Secretariat including Law Department.
The Director of Treasuries, Thiruvananthapuram.
The Secretary, Kerala Public Service Commission, Thiruvananthapuram (with C.L).
The Registrar, High Court of Kerala, Ernakulam. (with C.L).
The Registrar, University of Kerala/ Cochin/ Calicut/ Mahatma Gandhi/ Kannur/Kerala Agricultural University/ Sree Sankaracharya Sanskrit University/APJ Abdul Kalam Technological University/ Kerala University of Fisheries and Ocean Studies/ Kerala University of Health Sciences/ Kerala Veterinary and Animal Sciences University/ Thunchath Ezhuthachan Malayalam University. (with C.L).
The Advocate General, Kerala, Ernakulam. (with C.L).
All Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Under Secretaries to Government.
The Secretary to Governor.
The Private Secretaries to Chief Minister and other Ministers, Government Chief Whip and Leader of Opposition.
The Private Secretary to Speaker/ Deputy Speaker.
The Director of Public Relations, Thiruvananthapuram.
The OSD to the Chief Secretary.
Nodal Officer, www.finance.kerala.gov.in
The Stock File/ Office Copy.

Forwarded /By order

Accounts Officer